mathrubhumi content page (2040x2887x24b jpeg)


# മാതൃഭൂമി ആഴ്ചപ്പതിപ്പ്

2010 സെപ്തംബർ 19 - 25
1186 കന്നി 3 - 9
പുസ്തകം 88 • ലക്കം 28
പ്രസിദ്ധീകരണത്തിന്റെ 78-ാം വർഷം
വില 12 രൂപ


## ലേഖനങ്ങൾ


26 ചരിത്രത്തിലേക്കുള്ള പട്ടണപ്രവേശം
പി.ജെ. ചെറിയാൻ, സി. എസ്. മീനാക്ഷി





42 ആരാണ് ഈ ഞാൻ?
ഇ.എം. ഹാഷിം

50 ഋതുഭേദങ്ങൾ സാക്ഷി-II
വി.എസ്. ഷൈൻ





56 ഒറ്റപ്പെട്ട നക്ഷത്രം
കോഴിക്കോട് ശാന്താദേവി/ ഡോ.ഉമർ തറമേൽ

62 പ്രസന്നന്റെ പാമ്പുകളിയും തത്തവെച്ച വെടിയും
ഇന്നസെന്റ് / ശ്രീകാന്ത് കോട്ടക്കൽ

66 ദസ്തയേവ്സ്കി ദൈവത്തോട്
പി.കെ. രാജശേഖരൻ

73 വെളിച്ചത്തിന് എന്തൊരു വെളിച്ചം!
അഷ്റഫ് ആഡൂര്

74 ദൽഹി വിഷ്കംഭം
സുകുമാർ അഴീക്കോട്

80 കാലം തീർക്കുന്ന ഏങ്കോണുകൾ
ഡോ. പോൾ വാഴപ്പിള്ളി

95 ബോധരഹിതനായ കുട്ടി
ടി. രമേശൻ


ഇ-മെയിൽ വിലാസം: weekly@mpp.co.in



8

## അന്ധകാരനഴി
### ഇ. സന്തോഷ് കുമാർ

"പൊടുന്നനെ അറുത്തുവെച്ച ഒരു തല ശിവന്റെ ഓർമയിൽ വന്നു. കണ്ടഴയിലെ നാലുകെട്ടിനുള്ളിൽ നിന്ന് ഒരു നിലവിളി പാതിവെച്ചു മുറിഞ്ഞുപോയി. ചോരയിറ്റു വീണു കൊണ്ടിരുന്ന ശിരസ്സ് നീണ്ടു നരച്ച മുടിയിഴകളിൽ പിടിച്ച് എടുത്തുകൊണ്ടുവരികയായിരുന്നു. ആ കണ്ണുകളിൽ ഉറക്കം കനം വച്ചു തൂങ്ങിക്കിടന്നു. രണ്ടു മഴത്തുള്ളികൾ പാതിതുറന്ന വായിലേക്ക് ആഴ്ന്നുപോയി. കാലം തണുത്തുറഞ്ഞു കിടന്നു." ഇ. സന്തോഷ്കുമാർ എഴുതിയ നോവൽ ആരംഭിക്കുന്നു.



18

## മതിയോ, മതി ഈ ജനാധിപത്യം
### എം.പി. പരമേശ്വരൻ

"...ഇവരുടെ ആർത്തി തൃപ്തിപ്പെടുത്താൻ ആർക്കും കഴിയില്ല. അതിനായി നമ്മൾ, ഭൂരിപക്ഷം വരുന്ന ജനങ്ങൾ പട്ടിണി കിടക്കണമോ? അതിന് നമ്മൾ തയ്യാറാണോ? അല്ലെന്ന് ഉറക്കെപ്പറയാൻ സമയം അതിക്രമിച്ചിരിക്കുന്നു" -എം.പി.മാരുടെ വേതനവർധനയെ മുൻനിർത്തി ഒരു നിശിത വിചാരണ.



34

## ജിപ്സി നടമയുടെ ആത്മീയത
### ഡോ. സി.ആർ.രാജഗോപാലൻ

ജിപ്സി സമൂഹത്തെ നാടുകടത്താനുള്ള ഫ്രഞ്ച് സർക്കാർ നടപടിയുടെ പശ്ചാത്തലത്തിൽ ജിപ്സി ജനതയുടെ ചരിത്ര-വർത്തമാനങ്ങൾ പരിശോധിക്കുന്നു. ജിപ്സി സംസ്കാരത്തിന്റെ ശേഷിപ്പുകൾ അന്വേഷിക്കുന്നു.

## കഥ




52 മെറൂൺ
സുസ്മേഷ് ചന്ത്രോത്ത്


## കവിത


24 കടൽപ്പാലം
ടി.പി. രാജീവൻ

48 ചത്തുപോയതൊരു നായയല്ലയോ
കെ. ജയകുമാർ


## നോവൽ


88 മനുഷ്യന് ഒരു ആമുഖം
സുഭാഷ് ചന്ദ്രൻ


## പംക്തികൾ


4 വായനക്കാർ എഴുതുന്നു
78 പുസ്തകനിരൂപണം
80 പുസ്തകക്കുറിപ്പുകൾ
84 ബ്ലോഗന
86 മാതൃഭാഷ മലയാളം
88 സെക്കൻഡ് ലാംഗ്വേജ്
90 കോളേജ് മാഗസിൻ
92 ബാലപംക്തി
96 ചരിത്രപഥം
98 ട്രൂകോപ്പി



കവർ
ഇലസ്ട്രേഷൻ
കെ. ഷെരീഫ്
ഡിസൈനർ
ജി.കെ. അശോക്കുമാർ

**മാതൃഭൂമി ആഴ്ചപ്പതിപ്പ്**
എം.എം. പ്രസ്സ്
ചെറൂട്ടി റോഡ്
കോഴിക്കോട് 673 001
ഫോൺ: 0495-2765381
ഫാക്സ്: 0495-2760138

മാനേജിങ് എഡിറ്റർ
പി.വി. ചന്ദ്രൻ
എഡിറ്റർ
കെ.കെ. ശ്രീധരൻ നായർ
ഡെപ്യൂട്ടി എഡിറ്റർ
എം.പി. ഗോപിനാഥ്

അസിസ്റ്റന്റ് എഡിറ്റർ
കമൽറാം സജീവ്
സബ് എഡിറ്റർ
എം.ആർ. രാജേഷ്
ആർട്ട് എഡിറ്റർ
മദനൻ

കോപ്പി എഡിറ്റർമാർ
മനില സി. മോഹൻ
കെ.സി. സുബി
പി.കെ. ശ്രീകുമാർ
ആർട്ടിസ്റ്റ്
കെ. ഷെരീഫ്

# ചരിത്രത്തിലേക്കുള്ള പട്ടണപ്രവേശം

പി.ജെ. ചെറിയാൻ, സി.എസ്. മീനാക്ഷി

**കേരള തീരത്തിന്റെ വാണിജ്യചരിത്രത്തിലേക്ക് ആധികാരികവും ശക്തവുമായ വാതിലുകളുണ്ടോ? സങ്കീർണമായ ഈ ചോദ്യത്തിന് ഉത്തരമാവുകയാണ് പട്ടണം എന്ന ദേശം. കേവല സൂചനകൾക്കപ്പുറത്തേക്ക് സമ്പന്നമായ തെളിവുസാമഗ്രികളാണ് ഈ പ്രദേശത്തെ ഖനനം പുറത്തുകൊണ്ടുവന്നത്. പട്ടണം വെളിപ്പെടുത്തിയ ചരിത്രം, ഖനനത്തിന്റെ നാൾവഴികൾ, ഖനനഭൂമിയുടെ ഭാവി എന്നിവയെക്കുറിച്ച്.**

*The World is like the impression*
*left by telling of a story*
*- Yogavasishta*

*Immortal mortals, mortal immortals,*
*one living the*
*others' death and dying the others' life.*
*-Heraclitus*

ഏതാണ്ട് രണ്ടായിരം വർഷങ്ങൾക്കപ്പുറം കേരളത്തിന്റെ പശ്ചിമതീരത്ത് അരങ്ങേറി, പിന്നീട് എപ്പോഴോ തിരശ്ശീലവീണ ജീവിതക്കാഴ്ചകൾ അടുത്തകാലംവരെ കഥകളിലും, കവിതകളിലും, യാത്രാവിവരണങ്ങളിലും, ഭൂപടങ്ങളിലും മാത്രമേ ദൃശ്യമായിരുന്നുള്ളൂ. വാമൊഴിയായും വരമൊഴിയായും അടയാളപ്പെടുത്തപ്പെട്ട് തലമുറകൾ നൂറ്റാണ്ടുകൾ കൈമാറി വന്ന ആ ജീവിതചിത്രങ്ങൾ കെട്ടുകഥകളല്ല, യാഥാർഥ്യം തന്നെയായിരുന്നു എന്നതിന് പുരാവസ്തു തെളിവുകളൊന്നും നമ്മുടെ പക്കലുണ്ടായിരുന്നില്ല. 100 ബി.സി.ഇ – 300 സി.ഇ. കാലഘട്ടത്തിലെ സാഹിത്യകൃതികളിലും – യാത്രാവിവരണ രേഖകളിലും ചരക്കെ പരാമർശിക്കപ്പെടുകയും, താമസംവിനാ ദുരൂഹമായി അപ്രത്യക്ഷമാവുകയും ചെയ്ത മുസിരിസ് എന്ന തുറമുഖനഗരമാവാം, കൊടുങ്ങല്ലൂരിന് ഏഴ് കി.മീ. തെക്കായി കിടക്കുന്ന പട്ടണം എന്ന ഗ്രാമം എന്നാണ് 2007 മുതൽ കേരള ചരിത്രഗവേഷണ കൗൺസിൽ (കെ.സി.എച്ച്.ആർ.) പട്ടണത്തു നടത്തിവരുന്ന ബഹുവിഷയീസ്വഭാവമുള്ള പുരാവസ്തുഗവേഷണങ്ങളിലൂടെ കണ്ടെത്തിയിരിക്കുന്നത്. അവിടെനിന്ന് ലഭിക്കുന്ന തെളിവുകളുടെ പ്രസ



ഷതിയും കേരള ചരിത്രവിജ്ഞാന മേഖലയ്ക്ക് അവ നൽകാനിടയുള്ള ഉൾക്കാഴ്ചയും ചുരുക്കിപ്പറയാനാണ് ഇവിടെ ശ്രമിക്കുന്നത്.

## മുസിരിസ്-വാമൊഴിയിലും, വരമൊഴിയിലും

*പൊന്നൊടുവന്തു കറിയൊടു*
*പെയരും*
*വളം കെഴു മുസിറി ആർപ്പു*
*എഴച്ചുലിയും*
*ചുള്ളിയം പെരിയാറു വെൺ*
*നുരൈ കലങ്ക*
*യവനർ തന്ത വിനൈമൺ*
*മാൻനാൻകലം*
*(അകനാനൂറ്, 149-ാം പദ്യം)*

ക്രിസ്തുവിനും മുൻപ്, പെരിയാറിൽ വെൺനുര കലക്കി നിറയെ പൊന്നുംകൊണ്ട് വന്നെത്തിയ യവനക്കപ്പലുകൾ സമൃദ്ധിയേഴുന്ന മുസിരിനാട്ടിൽ നിന്നുള്ള കറുത്ത പൊന്നും കൊണ്ടായിരുന്നത്രെ മടങ്ങിപ്പോയിരുന്നത്.

പക്ഷേ, യവനർ (വിദേശിയർക്ക് പൊതുവിലുണ്ടായിരുന്ന വിളിപ്പേര്) കപ്പലടുപ്പിച്ച ആ മുസിരി എവിടെ ?

സി.ഇ. ഒന്നാം നൂറ്റാണ്ടിനും സി.ഇ. രണ്ടാം നൂറ്റാണ്ടിനുമിടയ്ക്ക് സമാഹരിക്കപ്പെട്ടത് എന്നുകരുതുന്ന സംഘകാല തമിഴ് കൃതിയായ അകനാനൂറിലാണ് മേൽക്കാണുന്ന വരികളുള്ളത്. എട്ടുത്തൊകൈ എന്നറിയപ്പെടുന്ന എട്ടുകൃതികളുളാണ് പ്രധാനമായും സംഘകാല തമിഴ്സാഹിത്യത്തിലുള്ളത്. അതിൽ ഏഴാം കൃതിയായ അകനാനൂറിൽ മനുഷ്യരുടെ അകം അതായത് ഹൃദയവും മനസ്സുമായി ബന്ധപ്പെട്ട വ്യവഹാരങ്ങളും – പ്രണയം, വിരഹം, വാത്സല്യം – എന്നിവ പ്രകാശിപ്പിക്കുന്ന നാനൂറു പദ്യങ്ങളാണുള്ളത്. മറ്റൊരു കൃതിയായ പുറനാനൂറിൽ യുദ്ധം, രാഷ്ട്രീയം, സമ്പത്ത് തുടങ്ങിയ പുറം വ്യവഹാരങ്ങളാണ് വിഷയമായി വരുന്നത്. ബി.സി. ഇ – 300-ൽ ഭരണം വാണിരുന്ന അശോക ചക്രവർത്തിയെ കുറിച്ചും, മൗര്യസാമ്രാജ്യത്തെക്കുറിച്ചുമൊക്കെ പരാമർശങ്ങളുള്ളതിനാൽ ബി.സി.ഇ 300-നും 100-നും ഇടയ്ക്ക് വാമൊഴിയായി പ്രചരിച്ചതാവാം സംഘകാല കൃതികൾ എന്നും, പിന്നീടവ ഇന്ന് ലഭ്യമായ രൂപത്തിൽ വർഗീകരിച്ച് സമാഹരിച്ചതാവാം എന്നും ആണ് ഇവയെക്കുറിച്ചുള്ള ഒരു നിഗമനം.

സംഘകാലകൃതികളുടെ ഒരു പ്രത്യേകത അവ ഭൂപ്രകൃതിയുമായി അത്രയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ്. തിണൈകൾ എന്നറിയപ്പെടുന്ന നാല് ഭൂവിഭാഗങ്ങളിൽ 'കുറിഞ്ചി' മലമ്പ്രദേശത്തെയും, 'മു



പട്ടണത്തെ പര്യവേക്ഷണ സംഘാംഗങ്ങൾ സക്കറിയ, ശശികുമാർ, രവീന്ദ്രൻ തുടങ്ങിയവർക്കൊപ്പം

ല്ലൈ' കാട് അല്ലെങ്കിൽ ഉയർന്ന പുൽത്തകിടികളെയും സൂചിപ്പിക്കുന്നതാണ്. 'മരുതം' കൃഷി നടക്കുന്ന സമതലവും, 'നെയ്തൽ' കടൽത്തീരവും, 'പാലൈ' വരണ്ട മരുപ്രദേശവുമാണ്. കഥാപരിസരത്തെയും കഥാപാത്രങ്ങളുടെ മനോവ്യാപാരങ്ങളെയും ദൃശ്യപരിസരങ്ങളുമായും, ഭൂവിനിയോഗങ്ങളുമായും ബന്ധപ്പെടുത്തിയാണ് വിവരിക്കുന്നത്. ഉദാഹരണത്തിന് കുറിഞ്ചി, മുല്ലൈ എന്നീ തിണൈകളുടെ പശ്ചാത്തലത്തിലുള്ള പ്രണയഗീതങ്ങൾക്ക് സമാഗമത്തിന്റെയും, ശൃംഗാരത്തിന്റെയും ആനന്ദത്തിന്റെയും സ്പർശമുണ്ടാവും. പാലൈ തിണൈ വിരഹവും വ്യസനവും വരച്ചുകാട്ടുന്ന ഭൂപ്രകൃതിയായി ഉപയോഗിക്കപ്പെട്ടിരിക്കുന്നു. കഥയും കാര്യവും, പ്രണയവും മരണവും, യുദ്ധവും ഉത്സവവും, വ്യാപാരവും വ്യഥകളും, പ്രകൃതിയും പ്രവൃത്തിയും ഇടകലർന്ന ബഹുവർണ കൊളാഷുകളാണ് ഈ പഴംകാല തമിഴ് കൃതികൾ. അവയിൽനിന്ന് ഭൗതികവ്യവഹാരങ്ങളെ അരിച്ചുമാറ്റി കുറുക്കിയെടുത്താൽ, ഒരുപക്ഷേ, ഇന്ന് പുരാതന ചരിത്രം എന്ന് നാം പറയുന്ന, അന്നത്തെ വർത്തമാനകാല യാഥാർഥ്യങ്ങളായിരിക്കും ഊറിവരിക. ബി.സി.ഇ. അവസാന നൂറ്റാണ്ടുകളിലും സി.ഇ. ആദ്യനൂറ്റാണ്ടുകളിലും കേരളം ഭരിച്ചിരുന്ന ചേരരാജാവിനെയും അന്നത്തെ കേരളത്തിന്റെ ഭൂപ്രകൃതിയെയും ഉപമിച്ചുകൊണ്ടുള്ള, മനോഹരമായ ഈ വരികൾ നോക്കൂ.

*മണ്‍ തിണിന്ത നിലവും*
*നിലം ഏന്തിയ വിശുമ്പും*
*വിശുമ്പു തൈവരു വളിയും*
*വളിത്തലൈഇയ തീയും*
*തീ മുരണിയ നീരും, എൻറാങ്കു*
*ഐമ്പെരും പൂതത്തു*
*ഇയർകൈപോലെ*
*പൊറ്റാർ പൊറുത്തലും,*
*ചൂഴ്ച്ചിയത് അകലവും*
*വലിയും, തെറലും, അളിയും*
*ഉടൈയോയ്!*
*(പുറനാനൂറ്, പദ്യം 2)*

*മണ്ണുറച്ച ഭൂമിയും*
*ഭൂമിയെ താങ്ങുന്ന ആകാശവും*
*ആകാശത്തെ പുണരുന്ന കാറ്റും*
*കാറ്റ് വീശി വളർന്ന തീയും*
*തീ എതിർത്ത നീരും എന്നിങ്ങനെ*
*പഞ്ചഭൂതങ്ങളാം പൂത്ത പ്രകൃതി*
*പോലെ*
*കരുതലും, ക്ഷമയും, വിശാലതയും*
*ബലവും, ശൗര്യവും അണിയും*
*ഉടയോനേ!*

കടലിലും കരയിലുമുള്ള പ്രകൃതി വിഭവങ്ങളാൽ കൊണ്ട് സമൃദ്ധമായ മുസിരിസിന്റെ മറ്റൊരു ചിത്രമിതാ:

*മീൻതൊടുത്തു നെൽതുവെച്ചു*
*മിനൈയനിയിൽ മടു മറുക്കുത്തു*

*മനൈക്കുവൈഇയ കറിമൂടൈയാൽ*
*കലിച്ചുമ്മൈയ കരൈകലക്കുറുന്തു*
*കാലംതന്ത പൊൻപരിശം*
*കഴിത്തോണിയാൽ കരൈ*
*ശേർക്കുന്തു*
*മലൈത്താരമും കടൽ താരമും*
*തലൈ പെയ്തു വരുനാർക്കു ഈയും*
*പുനലങ്കള്ളിൻ പൊലൻതാർ*
*കുട്ടുവൻ*
*മുഴങ്കു കടൽ മുഴവിൻ മുസിരിയന്ന,*
*(പുറനാനൂറ്, 343)*

..................................

മീനിനു പകരം വാങ്ങിയ നെൽ കൂമ്പാരങ്ങൾ നിറഞ്ഞ കപ്പലുകൾ ദൂരെനിന്ന് ചെരിച്ചു മേഞ്ഞ പുരകൾ പോലെ തോന്നിക്കുന്നു. അതേസമയം കുരുമുളകു നിറച്ച വീടുകൾ കുരുമുളകു നിറച്ച കപ്പലുകൾ പോലെയും തോന്നിക്കുന്നു. കപ്പലിൽ വന്നുചേർന്ന വിഭവങ്ങൾ കഴിത്തോണി (കനാലുകളിലും, കായലുകളിലും ഉപയോഗിക്കുന്ന ചെറിയ തോണി)യിലാണ് കര ചേർക്കുന്നത്. നെൽക്കൂമ്പാരവും വീടുകളുടെ മേൽക്കൂരയും സ്വർണസമ്മാനവുമായി കരയോടടുക്കുന്ന തോണിയും ഒരു ചലച്ചിത്ര ദൃശ്യത്തിലെന്ന പോലെ ചലനാത്മകമായി കാണപ്പെടുന്നു. ഇതിൽ മലൈത്താരവും കടൽത്താരവും എന്ന പ്രയോഗം കാവ്യാത്മകമായ സൗന്ദര്യം പ്രസരിപ്പിക്കുന്നതിനു പുറമെ യവന നൗകകളിലെ അപൂർവവും വിശിഷ്ടങ്ങളുമായ വസ്തുക്കളിലേക്ക് വെളിച്ചം വീശുകയും ചെയ്യുന്നു. കടൽതാരം എന്നാൽ മുത്ത്. വെള്ളിയാണ് മലൈതാരം. സ്വർണത്തിനു പുറമെ മുത്തും വെള്ളിയും പോലെ വിലപ്പെട്ട വിഭവങ്ങളുമായാണ് ഗ്രീക്ക് – റോമൻ കപ്പലുകളുടെ വരവ് എന്നർഥം. കടലിന്റെ ശബ്ദം എന്ന് ഇതിൽ മുസിരിയെ വിശേഷിപ്പിക്കുന്നുണ്ട്. കടലലകളുടെ ഇരമ്പൽ ഒരു ചെണ്ട മുഴക്കംപോലെ കാതിൽ പതിക്കുന്നത്ര സമുദ്രസാമീപ്യമുണ്ടായിരുന്നു മുസിരിസിന് എന്നായിരിക്കും വിവക്ഷ.

ആ കഴിത്തോണികളും കാത്ത് ആരെല്ലാം ആ തീരത്തു നിന്നിരിക്കാം? ആർക്കറിയാം?

ഇതിനു പുറമെ, കേരളം വാണിരുന്ന ചേരൻ ചെങ്കുട്ടുവന്റെ അനുജനായ ഇളങ്കോവടികൾ രചിച്ച ചിലപ്പതികാരത്തിൽ വഞ്ചികാണ്ഡം ഊഞ്ഞാൽ വരി 25–ാം പദ്യത്തിൽ "വീരവാരം പറഞ്ഞ യവനരുടെ ഐശ്വര്യസമ്പൂർണമായ നാടിനെയും .................." എന്നും സമാപ്പശ്ലോകത്തിൽ "വിസ്തൃതമായ കടലിൽ വാഴുന്ന യവനരെ വെന്ന ചെങ്കുട്ടുവൻ ................." എന്നും പരാമർശിച്ചു കാണുന്നു. മറ്റൊരു സംഘകാല കൃതിയായ പതിറ്റുപ്പാട്ടിലും മുസിരിയെക്കുറിച്ചുള്ള പാട്ടുകളുണ്ട്.

ഗ്രീക്ക് കൃതികളായ പ്ലിനിയുടെ Natural History (ബി.സി.ഇ. ഒന്നാം നൂറ്റാണ്ട്), ടോളമിയുടെ Geography (ബി.സി.ഇ. രണ്ടാം നൂറ്റാണ്ട്) എന്നിവയിലും മുസിരിസിനെക്കുറിച്ച് പരാമർശങ്ങളുണ്ട്. നാവികർക്കായി, ബി.സി.ഇ ഒന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടതെന്നു കരുതുന്ന 'Periplus of Erithrean Sea' എന്ന കൈപ്പുസ്തകത്തിൽ ഇന്ത്യയിലെ തമിഴകം അഥവാ ദ്രമിഡകം എന്ന അർഥം വരുന്ന 'Limyrike' പ്രദേശത്തെക്കുറിച്ചും പാണ്ഡ്യ- ചേര രാജ്യങ്ങളെക്കുറിച്ചും വിവരണങ്ങളുണ്ട്. ഇന്ത്യൻമഹാസമുദ്രത്തിലുള്ള ഇതര തുറമുഖങ്ങളുമായി റോമക്കാർക്കുണ്ടായിരുന്ന വാണിജ്യ ബന്ധത്തെക്കുറിച്ചും പരാമർശങ്ങളുണ്ട്. സുഗന്ധദ്രവ്യങ്ങൾ, ലോഹവസ്തുക്കൾ, രത്നക്കല്ലുകൾ എന്നിവയെല്ലാം പ്രധാന വാണിജ്യവസ്തുക്കളായിരുന്നു എന്ന് പറയുന്നുണ്ട്. അറുപത്തിയാറ് ചെറിയ ഖണ്ഡങ്ങളിലായി, ചെങ്കടൽത്തീരത്തെ ബർണിക്ക, മയോസ് ഹോർമോസ് (Bernnike, Myos Hormos) തുടങ്ങിയ തുറമുഖനഗരങ്ങൾ, ആഫ്രിക്കൻ – ഇന്ത്യൻ തീരങ്ങളിലെ തുറമുഖനഗരങ്ങൾ തുടങ്ങി, ചൈനയെക്കുറിച്ചും അവിടെ നെയ്യുന്ന പട്ടിനെക്കുറിച്ചുമൊക്കെ പ്രാധാന്യത്തോടെ വിവരിക്കുന്ന ഈ കൃതിയുടെ 54–ാം ഖണ്ഡത്തിൽ മുസിരിസിനെകുറിച്ചുള്ള വർണന ഇങ്ങനെയാണ്.

**സാഹിത്യകൃതികളിലും - യാത്രാവിവരണ രേഖകളിലും പരാമർശിക്കപ്പെടുകയും ദുരൂഹമായി അപ്രത്യക്ഷമാവുകയും ചെയ്ത മുസിരിസ് എന്ന തുറമുഖനഗരമോവാം, പട്ടണം എന്ന ഗ്രാമം എന്നാണ് കെ.സി.എച്ച്.ആർ. നടത്തിവരുന്ന ഗവേഷണങ്ങളിലൂടെ കണ്ടെത്തിയിരിക്കുന്നത്.**

*തമിഴകത്തെ മുസിരിസ്, ഗ്രീസിൽ നിന്നും അറേബ്യയിൽ നിന്നുമുള്ള ചരക്കുകപ്പലുകൾ ധാരാളമായി നങ്കൂരമിടുന്ന തുറമുഖമാണ്. അത് ടിണ്ടിസിൽ നിന്നും കുറച്ചകലെയുള്ള ഒരു നദീതീരത്തുള്ള സ്ഥലമാണ്. കടൽവഴി 500 സ്റ്റേഡിയയും നദിവഴി 20 സ്റ്റേഡിയയും അകലെയായി സ്ഥിതിചെയ്യുന്നു......*

പക്ഷേ, മുസിരിസ്കാരുടെ ജീവിതചിത്രം നമുക്കെവിടെനിന്ന് കിട്ടും? അവരുടെ പണിയിടുക്കും കലാചാതുരിയും മറ്റും നമുക്കാരു പറഞ്ഞുതരും?

സി.ഇ. രണ്ടാംനൂറ്റാണ്ടിൽ മുസിരിസിലെ ഒരു കച്ചവടക്കാരനും അലക്സാൻഡ്രിയയിലെ ഒരു ഷിപ്പിങ് ഏജന്റും തമ്മിലുണ്ടാക്കിയ വാണിജ്യക്കരാറാണ് വിയന്ന പാപ്പിറസ് (Vienna Papyrus). വിനിമയം ചെയ്യുന്ന ചരക്കെത്തിക്കേണ്ട സമയം, അതിന്റെ അളവ്, വില, എന്നിവയെക്കുറിച്ചെല്ലാം വ്യക്തവും കർശനവുമായ വ്യവസ്ഥകളാണ് ഇതിലുള്ളത്. 3.5 ടൺ സുഗന്ധവ്യഞ്ജനങ്ങളും, ആനക്കൊമ്പും, വസ്ത്രങ്ങളും മറ്റും, മുസിരിസിൽനിന്ന് ചെങ്കടൽതീരത്തുള്ള തുറമുഖത്തേക്കും അവിടെനിന്ന് കിഴക്കൻ ഈജിപ്തിലെ മരുഭൂമി, നൈൽ നദി എന്നീ മാർഗങ്ങളിലൂടെ, അലക്സാൻഡ്രിയയിലേക്കും എത്തിക്കുന്നതിനുള്ള ഉടമ്പടിയാണത്. മുസിരിസിന്റെ വാണിജ്യപ്രാധാന്യത്തിലേക്ക് വെളിച്ചംവീശുന്ന ഈ പ്രധാനപ്പെട്ട രേഖ ഇപ്പോഴും വിയന്നയിലെ നാഷണൽ ലൈബ്രറിയിലാണ് സൂക്ഷിച്ചിരിക്കുന്നത്.

പുരാതന ഭൂപടങ്ങളിലും – 'വര' മൊഴിയിലും – മുസിരിസിന്റെ സാന്നിധ്യമുണ്ട്.

ബി.സി.ഇ ഒന്നാം നൂറ്റാണ്ടുമുതൽ സി.ഇ. രണ്ടാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിലെ വിവിധ ദേശങ്ങൾ, പ്രത്യേകിച്ച് റോമൻ സാമ്രാജ്യം അടയാളപ്പെടുത്തിയിട്ടുള്ള മാപ്പാണ് സി.ഇ. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കാസ്റ്റോറിയസ് തയ്യാറാക്കിയതായി കരുതപ്പെടുന്ന പ്യൂട്ടിങർ മാപ്പ് (Peutinger Table). ആസ്ട്രിയൻ ചക്രവർത്തി മാക്സിമിലിയന്റെ ലൈബ്രേറിയനായിരുന്ന കൊണാർഡ് ബിക്കൽ (Konard Bickel, 1449 - 1508)-ന്റെ പക്കൽനിന്ന് അത് ജർമനിയിലെ പുരാവസ്തുപ്രേമിയായ കൊണാർഡ് പ്യൂട്ടിങ്ങറിന്റെ (Konard Peutingen, 1465 - 1547) കൈയിലെത്തുന്നു. 1976–ൽ റീപ്രിന്റ് ചെയ്ത ഈ മാപ്പിന്റെ ആദ്യരൂപം, വിയന്നയിലെ നാഷണൽ ലൈബ്രറിയിലുണ്ട്. പതിനൊന്നു ചർമത്താൽ കഷണങ്ങളിലായി വരച്ചിട്ടുള്ള ഇതിന് ആകെ 680 മീറ്റർ നീളവും വെറും 0.33 മീറ്റർ മാത്രം വീതിയുമേ ഉള്ളൂ. ഭൂമി ഉരുണ്ടതാണെന്ന് ബി.സി.ഇ മൂന്നാം നൂറ്റാണ്ടിൽത്തന്നെ കണ്ടുപിടിക്കപ്പെട്ടിരുന്നുവെങ്കിലും പരന്ന് കിടക്കുകയാണ് ഭൂമി എന്ന നിഗമനത്തിൽ ഉണ്ടാക്കിയതായി തോന്നും ഈ മാപ്പ് കണ്ടാൽ! ഉദ്ദേശം 555 നഗരങ്ങളും 3500 സ്ഥലങ്ങളും രേഖപ്പെടുത്തിയിട്ടുള്ള ഈമാപ്പിൽ ദക്ഷിണേന്ത്യയുടെ ഭാഗത്ത് നാലോ അഞ്ചോ സ്ഥലങ്ങളേ അടയാളപ്പെടുത്തിയിട്ടുള്ളൂ. അതിൽ ഒന്ന് മുസിരിസ് ആണ്. കുട്ടികൾ വരയ്ക്കുന്ന ചിത്രങ്ങളിലേതു പോലെ നിരന്നു കിടക്കുന്ന കുന്നുകളായാണ് പശ്ചിമഘട്ടത്തെ ചിത്രീകരിച്ചിരിക്കുന്നത്. ഈ പർവതനിരയെ 'ആനകൾ പിറക്കുന്ന സ്ഥലം' എന്ന് ലത്തീൻഭാഷയിൽ രേഖപ്പെ

p5 (2040x2991x24b jpeg)



പ്പെടുത്തിയിട്ടുമുണ്ട്. മുസിരിസിനു പുറത്ത് വിശാലമായ സ്ഥലത്ത് Pirates അതായത് കടൽക്കൊള്ളക്കാർ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. തമിഴ് സംഘംകൃതികളിൽ പാലൈ പ്രദേശം കൊള്ളക്കാരുടെ ആവാസകേന്ദ്രമാണെന്ന് പരാമർശമുണ്ട്. ഇവ കൂട്ടിവായിച്ചാൽ മാപ്പിന്റെയും സംഘസാഹിത്യകൃതികളുടെയും ചരിത്രപരിസരങ്ങളിലെ സമാനതകൾ ശ്രദ്ധേയമാണ്. മുസിരിസിനരികത്ത് രേഖപ്പെടുത്തിയിരിക്കുന്ന മറ്റൊരു ഭാഗം റോമൻ സാമ്രാജ്യസ്ഥാപകനായ അഗസ്റ്റസ് ചക്രവർത്തിയുടെ പേരിലുള്ള ക്ഷേത്രമാണ്.

മുസിരിസിൽ നടന്നിരുന്ന സാംസ്കാരിക വിനിമയങ്ങളുടെ കഥ അറിയാൻ എന്താണ് വഴി?

സി.ഇ. ഒന്നാം നൂറ്റാണ്ടിലെ ഈജിപ്ഷ്യൻ, റോമൻ, നാവിക–വ്യാപാരപഥങ്ങൾ ചിത്രീകരിച്ചിരിക്കുന്ന ഭൂപടമാണ് പെരിപ്ലസ് ഓഫ് എറിത്രിയൻ സീ (Periplus of Erithrean Sea). മൂലരചനയെ അടിസ്ഥാനമാക്കി സി.ഇ. പതിനേഴാം നൂറ്റാണ്ടിലാണ് (1624) ഈ ഭൂപടം തയ്യാറാക്കിയിരിക്കുന്നത്. ആഫ്രിക്കയുടെ വടക്കുപടിഞ്ഞാറൻ തീരം, അറേബ്യൻ സമുദ്രം, ഇന്ത്യൻ മഹാസമുദ്രം, ബംഗാൾ ഉൾക്കടൽ മുതലായ കടൽത്തീരങ്ങളിലെ വിവിധ തുറമുഖങ്ങളുമായും മലേഷ്യ, സുമാത്ര എന്നീ ദ്വീപുകളുമായും റോമക്കാർക്കുണ്ടായിരുന്ന നാവികവ്യാപാര ബന്ധവും സമുദ്രപാതകളും ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ മാപ്പിൽ ദക്ഷിണേന്ത്യയിൽ അടയാളപ്പെടുത്തിയിരിക്കുന്ന പത്ത് സ്ഥലങ്ങളിൽ ഒന്ന് മുസിരിസ് ആണ്.

കേരളതീരത്തിന്റെ വാണിജ്യചരിത്രം പഠിക്കാൻ എന്താണൊരു മാർഗം?

## പട്ടണം എന്ന ഗ്രാമത്തിന്റെ പുനരവതാരം

മേൽ ചോദിച്ചതും, ചോദിക്കാതെ പോയതുമായ പല ചോദ്യങ്ങൾക്കും ഉത്തരം നല്ലാൻ പുരാവസ്തു തെളിവുകൾക്കുമാത്രമേ കഴിയുമായിരുന്നുള്ളൂ. ഭാവുകത്വത്തിന് മുൻതൂക്കമുള്ള തെളിവുകളും ഭൗതിക അടിത്തറയുള്ള തെളിവുകളും ഭൂതകാലപഠനങ്ങളിൽ ഒരുപോലെ പ്രധാനമാണ്. ഇവ തമ്മിലുള്ള ബലാബലങ്ങളാണ് പലപ്പോഴും പൊയ്പ്പോയകാലത്തെക്കുറിച്ചുള്ള അറിവിനെ സമ്പുഷ്ടമാക്കുന്നത്. നമ്മുടെ പ്രാചീന ചരിത്രം ഏറെയും ഭാവനാംശം കലർന്ന സാഹിത്യ–സഞ്ചാരകൃതികളിൽനിന്നുള്ള സൂചനകളിലൂടെ വായിച്ചെടുത്തവയാണ്. അക്കാലത്തെ സംബന്ധിച്ചുള്ള ഭൗതിക തെളിവുകൾ അതിശയം ജനിപ്പിക്കുംവിധം അദൃശ്യമായിരുന്നു. ഇത് നമ്മുടെ ചരിത്രപഠന മേഖലയെ തെല്ലൊന്നുമല്ല ദുർബലമാക്കിയത്. പുരാവസ്തുവിജ്ഞാനീയം ലോകമെമ്പാടും ഒരു അന്തർവിഷയശാസ്ത്രശാഖയുടെ സർവപ്രാധാന്യത്തോടെയും വികസിതമായപ്പോഴും കേരളത്തിന്റെ ആധുനികത അതിനെ ഗണിക്കാതെ പോയതെന്തുകൊണ്ട് എന്ന് അന്വേഷിക്കേണ്ടതാണ്. ഏതായാലും കേരളത്തിന്റെ പുരാവസ്തു ദരിദ്രത എന്ന സങ്കല്പത്തിനും ഉത്തരം നൽകിയിരിക്കുകയാണ് പട്ടണം.




ഖനനത്തിൽ ലഭിച്ച കല്ലുകൾ

**മൂന്നു സഹസ്രാബ്ദങ്ങളുടെ കഥയാണ് പട്ടണത്തിന്റെ സമയരേഖയിൽ അടയാളപ്പെടുത്തിയിരിക്കുന്നത്. ഇവിടുത്തെ മണ്ണടരുകളിൽ പതിഞ്ഞുകിടന്നിരുന്നത്, ബി.സി.ഇ 10-ാം നൂറ്റാണ്ടു മുതൽ വർത്തമാനകാലംവരെയുള്ള അഞ്ചു ചരിത്രകാലഘട്ടങ്ങളുടെ മുദ്രകളാണ്.**

പട്ടണത്തിന്റെ കണ്ടെത്തലിലേക്കുള്ള ആദ്യചുവട്, ആലുവ യു.സി. കോളേജിന്റെ മുറ്റത്തുനിന്നായിരുന്നു. 1990-കളുടെ മധ്യത്തിൽ അവിടെ തുടങ്ങിയ ഒരു ആർക്കിയോളജി കോഴ്സാണ് അതിന് വഴിയൊരുക്കിയത്. അക്കാദമികരംഗത്തെ സാമ്പ്രദായിക വേർതിരിവുകളെ ഗൗനിക്കാത്ത ഒത്തുചേരലും പഠന അന്വേഷണരീതികളുമായിരുന്നു ആ കോഴ്സിന്റേത്. അതിലെ അധ്യാപകരും വിദ്യാർഥികളും പെരിയാർ നദീതടത്തിൽ വിപുലമായി നടത്തിയ സമഗ്ര അന്വേഷണങ്ങൾ പട്ടണത്തും ചെന്നെത്തിയിരുന്നു. ഈ അന്വേഷണങ്ങൾക്കിടയിൽ ശേഖരിച്ച പുരാവസ്തുക്കൾ യു.സി. കോളേജിലെ പുരാവസ്തുമ്യൂസിയത്തെ സമ്പുഷ്ടമാക്കി എന്നല്ലാതെ അവയുടെ സൂക്ഷ്മപഠനങ്ങൾക്ക് അന്ന് അവസരമുണ്ടായില്ല.

ആ ദിശയിലെ അന്വേഷണങ്ങൾ, യു.സി. കോളേജിലെ പുരാവസ്തു കോഴ്സിലെ അധ്യാപകനും ഗവേഷകനുമായിരുന്ന കെ.പി. ഷാജൻ തുടർന്നു. ഷാജൻ, പട്ടണം പ്രദേശത്ത് നടത്തിയ ഉപരിതല പര്യവേക്ഷണങ്ങളാണ്, പട്ടണത്തിന്റെ പുരാവസ്തു പ്രാധാന്യം സംബന്ധിച്ച് വ്യക്തത ലഭിക്കാൻ കാരണമായത്. അവിടെനിന്ന് ശേഖരിച്ച മൺപാത്രക്കഷണങ്ങളിൽ ചിലത് റോമൻ ആംഫോറയാണെന്ന് ഡോ. റോബർട്ടാ ടോംബർ എന്ന കളിമൺപാത്ര വിദഗ്ധ സ്ഥിരീകരിച്ചത് നിർണായകമായ വഴിത്തിരിവായിരുന്നു. മുസിരിസുമായി ബന്ധപ്പെട്ട ഒരു പ്രദേശമാകാം പട്ടണം എന്ന നിഗമനം അതോടെ ശക്തമായി. അന്നോളം ലഭ്യമായ വിവരങ്ങളും അന്വേഷണഫലങ്ങളും ചേർത്ത് 'പട്ടണം മുസിരിസാകാം' എന്ന ആശയം മുന്നോട്ടുവെക്കുന്ന ഒരു ഗവേഷണലേഖനം ജേണൽ ഓഫ് റോമൻ ആർക്കിയോളജിയിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ലേഖനം പ്രധാനമായും ചൂണ്ടിക്കാട്ടിയത് താഴെപ്പറയുന്ന കാര്യങ്ങളാണ്.

1. പട്ടണത്തുനിന്ന് റോമൻ ആംഫോറയുടെ കഷണങ്ങൾ ലഭിച്ചിരിക്കുന്നു.
2. പെരിയാർ നദീമുഖത്തിന് തെക്കുള്ള പ്രദേശത്തിന് ഭൗമ–പുരാവസ്തു പ്രാധാന്യം ഉണ്ട്.
3. പ്രാകൃത ഭാഷയിൽ നിന്നും ഉദ്ഭവിച്ച പദമാണ് പട്ടണം. പത്തൊമ്പതോളം ഇന്ത്യൻ ഭാഷകളിൽ അതിന് തുറമുഖനഗരം എന്ന അർഥം ഉണ്ട്.
4. പട്ടണത്തെ റവന്യൂ സെറ്റിൽമെന്റ് രജിസ്റ്ററുകളിൽ വണിക് സമുദായങ്ങളുടെ സാന്നിധ്യസൂചനകളുണ്ട് (ജൂതപറമ്പ്, അറബിപറമ്പ്

p6 (2040x3087x24b jpeg)





ആലുവ യു.സി. കോളേജിലെ ആർക്കിയോളജി വിഭാഗം കുറുമശ്ശേരിയിൽ നടത്തിയ പര്യവേക്ഷണം

തുടങ്ങിയവ).

ഈ വസ്തുതകൾ അടിസ്ഥാനമാക്കി ഒരു പ്രദർശനവും സെമിനാറും കെ.സി.എച്ച്.ആറിൽ സംഘടിപ്പിച്ചിരുന്നു. തുടർന്ന് മുൻപറഞ്ഞ കോഴ്സിലെ മറ്റൊരാധ്യാപകനായിരുന്ന വി. സെൽവകുമാറിൻെറ നേതൃത്വത്തിൽ സെൻറർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് 2004-ൽ, പട്ടണത്ത് ഒരു പരീക്ഷണ ഉത്ഖനനം നടത്തുകയുണ്ടായി. അത് പട്ടണത്തിൻെറ പുരാവസ്തു പ്രാധാന്യം കൂടുതൽ സ്പഷ്ടമാക്കിയെങ്കിലും ഈ പ്രവർത്തനങ്ങൾക്കൊരു പിന്തുടർച്ചയ്ക്കായി മൂന്ന് വർഷങ്ങൾ കാത്തിരിക്കേണ്ടി വന്നു - 2007-ൽ കേരളചരിത്രത്തിലാദ്യമായി ഒരു സമ്പൂർണ ഉത്ഖനന പദ്ധതി കെ.സി.എച്ച്.ആറിൻെറ നേതൃത്വത്തിൽ വിഭാവനം ചെയ്യുന്നതുവരെ. ലോക്കസ് ബേസ്ഡ് രീതിശാസ്ത്രം (Locus based methodology) അവലംബിച്ച്കൊണ്ടുള്ള ഇന്ത്യയിലെത്തന്നെ അപൂർവം പുരാവസ്തു ഗവേഷണങ്ങളിൽ ഒന്നായിരിക്കും ഇത്. ബഹുവിഷയീ സ്വഭാവമുള്ള ഈ ബൗദ്ധികസാഹസത്തിന് തുനിഞ്ഞ ഗവേഷണസംഘത്തിന് തങ്ങളുടെ സന്മനസുകൊണ്ട് ധൈര്യം പകർന്നവരിൽ മൂന്നുപേരെയെങ്കിലും എടുത്തു പറയേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ-സാംസ്കാരിക വകുപ്പുമന്ത്രി എം.എ. ബേബി, കെ.സി.എച്ച്.ആർ. ചെയർമാൻ പ്രൊഫ. കെ.എൻ. പണിക്കർ, സാംസ്കാരിക വകുപ്പു സെക്രട്ടറിയായിരുന്ന ശാരദ മുരളീധരൻ ഐ.എ.എസ്. എന്നിവരാണവർ.

കഴിഞ്ഞ നാലു സീസണുകളിലെ ഉത്ഖനന-ഗവേഷണപ്രവർത്തനങ്ങൾ പട്ടണത്തിൻെറ രാജ്യാന്തര പ്രാധാന്യം പുറത്തുകൊണ്ടുവന്നിട്ടുണ്ട്. രാജ്യത്തിനകത്തും പുറത്തുമുള്ള നിരവധി സ്ഥാപനങ്ങളുടെയും വലിയൊരു വിദഗ്ധസംഘത്തിൻെറയും സഹകരണത്തോടെയാണ് തുടർ ഗവേഷണപ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്. നാലാം സീസണിൽ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയും ഓക്സ്ഫഡ്, ഡെറാം, റോം യൂണിവേഴ്സിറ്റികളും ലണ്ടനിലെ ബ്രിട്ടീഷ് മ്യൂസിയവും നേരിട്ട് പങ്കെടുത്തു.

നാലാം സീസണിലെ ഉത്ഖനന-തുടർഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഗവേഷണസംഘത്തിലെ അംഗങ്ങൾ: ഡയറക്ടർ - പ്രൊഫ. പി.ജെ. ചെറിയാൻ,

**ബ്രാഹ്മണാധിപത്യത്തിനുമുമ്പുള്ള കേരളീയ സാമൂഹികാവസ്ഥയുടെ ചരിത്രം അപകർഷതയോടുകൂടി കാണേണ്ടതില്ലായെന്നാണ് തെളിവുകൾ സൂചിപ്പിക്കുന്നത്. പട്ടണത്ത് നിലനിന്നിരുന്ന സംസ്കൃതിയുടെ സൃഷ്ടിയിൽ തദ്ദേശീയരുടെ പങ്ക് നിർണായകമായിരുന്നു.**

കോ - ഡയറക്ടർമാർ - ഡോ. എം. നമ്പിരാജൻ (എ.എസ്.ഐ.), പ്രൊഫ. കെ. രാജൻ (പോണ്ടിച്ചേരി യൂണിവേഴ്സിറ്റി), ഡോ. വി. സെൽവകുമാർ (തഞ്ചാവൂർ, തമിഴ് യൂണിവേഴ്സിറ്റി), ഡോ. കെ.പി. ഷാജൻ (യു.കെ), ആൻറിക്വിറ്റി രജിസ്ട്രാർ - ഡോ. പ്രീത നായർ (കെ.സി.എച്ച്.ആർ.), ഗവേഷകർ-ദിനിഷ് കൃഷ്ണൻ, കെ.പി. രാജേഷ്, വിജിമോൾ പി.കെ, വാസുദേവൻ. കെ, ജസീറ മജീദ്, ശരത്ചന്ദ്ര ബാബു, മാധവി. കെ, കൃഷ്ണപ്രിയ (കെ.സി.എച്ച്.ആർ.), അഭയൻ. ജി.എസ്, അജിഷ് കൃഷ്ണൻ (എ.എസ്.ഐ.), ഡ്രോയിങ് ആൻഡ് സ്കെച്ചിങ് - എൽ.ആർ. രാകേഷ്, ലക്ഷ്മി. കെ. (എ.എസ്.ഐ.), മാർത്താ സുഗാരോ (റോം), അരൈൻ (പാരീസ്), ഉർസ്കാ മാലി (ഓക്സ്ഫഡ്), സ്മിതി നാഥൻ (ഓക്സ്ഫഡ്). കൂടാതെ സ്കൂൾ, കോളേജ് വിദ്യാർഥികൾ ട്രെയിനികളായും നാട്ടുകാരിൽ കുറച്ചുപേർ തൊഴിലാളികളായും മൊത്തം അമ്പതോളം പേർ സംഘത്തിലുണ്ടായിരുന്നു.

## പട്ടണത്തിൻെറ സമയരേഖ

എറണാകുളം ജില്ലയിലെ വടക്കൻ പറവൂർ താലൂക്കിലെ വടക്കേക്കര വില്ലേജിൽ പെരിയാറിൻെറ കൈത്തോടായ പറവൂർതോടിൻെറ വടക്കേകരയിൽ, സമുദ്രനിരപ്പിൽ നിന്ന് ഏതാണ്ട് മൂന്നരമീറ്റർ ഉയരത്തിലുള്ള, കാഴ്ചയിൽ അസാധാരണത്വമൊന്നുമില്ലാത്ത ഒരു തീരദേശ ഗ്രാമമാണ് പട്ടണം. ജലാശയങ്ങളും തുരുത്തുകളും ചുറ്റുമുള്ളതു കൊണ്ടാകാം നാട്ടുകാർ ഈ പ്രദേശത്തെ പട്ടണംകര എന്നു വിളിക്കുന്നത്. ചുറ്റുപാടുമുള്ള താഴ്ന്നപ്രദേശങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇവിടെ ശുദ്ധജലവും ലഭിക്കു ന്നുണ്ട്.

മൂന്നു സഹസ്രാബ്ദങ്ങളുടെ കഥയാണ് പട്ടണത്തിൻെറ സമയരേഖയിൽ അടയാളപ്പെടുത്തിയിരിക്കുന്നത്. നാലുമീറ്റർ കട്ടിയിലുള്ള ഇവിടുത്തെ മണ്ണടരുകളിൽ പതിഞ്ഞുകിടന്നിരുന്നത്, ബി.സി.ഇ 10-ാം നൂറ്റാണ്ടു മുതൽ വർത്തമാനകാലംവരെയുള്ള അഞ്ചു ചരിത്രകാലഘട്ടങ്ങളുടെ മുദ്രകളാണ്. പുരാശാസ്ത്രഭാഷ്യത്തിൽ പറഞ്ഞാൽ അഞ്ചു ചരിത്രകാലഘട്ടങ്ങളെ പ്രതിനിധാനം ചെയ്യുന്ന അഞ്ച് സാംസ്കാരിക അടരുകളുള്ള (കൾച്ചറൽ ലെയേഴ്സ്) പുരാവസ്തുക്കുന്നാണ് (ആർക്കിയോളജിക്കൽ മൗണ്ട്) പട്ടണം.

ഉത്ഖനനത്തിൽ ലഭിച്ച പുരാവസ്തുക്കളുടെയും, കാർബൺ ഡേറ്റിങ്ങിൻെറയും, സാംസ്കാരിക അടരുകളുടെ വിശകലനത്തിൻെറയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സാംസ്കാരികഘട്ടങ്ങളിലൂടെ കടന്നുവന്ന ഒരു പ്രദേശമാണ് പട്ടണം എന്നുപറയാൻ കഴിയും. ഒരു പക്ഷേ, കൂടുതൽ തെളിവുകളും പഠനങ്ങളും ഈ ധാരണകൾ ശരിവെക്കുകയോ, തെറ്റിപ്പോയെന്ന് പറയുകയോ ചെയ്തേക്കാം. തത്കാലം പട്ടണത്തെ സാംസ്കാരിക നിക്ഷേപത്തെ (കൾച്ചറൽ ഡിപ്പോസിറ്റ്) താഴെപ്പറയുന്ന അഞ്ച് ഘട്ടങ്ങളായി നിർവചിക്കാം.

1. ബി.സി.ഇ 10 മുതൽ - 5-ാം നൂറ്റാണ്ടുവരെ-ഇരുമ്പുയുഗം
2. ബി.സി.ഇ 4 മുതൽ - 2-ാം നൂറ്റാണ്ടുവരെ-ഇരുമ്പുയുഗ-ചരിത്രാരംഭപരിവർത്തനകാലം

p7 (2040x2996x24b jpeg)



3. ബി.സി.ഇ 1 മുതൽ – സി.ഇ. 4–ാം നൂറ്റാണ്ടുവരെ– ചരിത്രാരംഭകാലം

4. സി.ഇ 5 മുതൽ – 10–ാം നൂറ്റാണ്ടുവരെ–മധ്യകാലാരംഭഘട്ടം

5. സി.ഇ 16–ാം നൂറ്റാണ്ടു മുതൽ വർത്തമാന കാലംവരെ–ആധുനിക കാലം

(സി.ഇ. 11 മുതൽ 15 വരെയുള്ള നൂറ്റാണ്ടുകളിൽ ഇവിടെ ജനവാസം പാടെ ഇല്ലാതാവുകയോ, തീരെ ശുഷ്കമാവുകയോ ചെയ്തിരിക്കാനാണിട. തെളിവുകളുടെ അഭാവം എല്ലാ പ്രതാപങ്ങളും പെട്ടെന്നവസാനിച്ചപോലൊരു പ്രതീതി ജനിപ്പിക്കുന്നുണ്ട്.)

പുരാവസ്തുക്കളുടെ വൈവിധ്യവും സമ്പന്നതയും പട്ടണത്തെ ലോകോത്തര സൈറ്റുകളിലൊന്നായി മാറ്റുന്നു. കിട്ടുന്ന വസ്തുക്കളുടെ വലുപ്പം അടിസ്ഥാനമാക്കി പറഞ്ഞാൽ ചെറിയ ചെറിയ പുരാവസ്തുക്കളുടെ (സ്മാൾ ഫൈൻഡ്സ്) പറുദീസയാണ് പട്ടണം. പുരാവസ്തുക്കൾ തിരയുന്നതിലൂടെ മനുഷ്യജീവിതങ്ങളെ തന്നെയാണ് ഗവേഷകർ തിരയുന്നത്. മണ്ണിനടിയിൽ നിന്ന് കണ്ടെടുത്ത പുരാവസ്തുക്കൾ ജിഗ്സോ പസിലിൽ എന്നപോലെ ചേർത്തടുക്കാനായാൽ വിട്ടുപോയ പല അധ്യായങ്ങളും കേരളചരിത്രത്തിൽ എഴുതിച്ചേർക്കാൻ കഴിയും.

## പട്ടണത്തിന്റെ ഭൂതം

നാലു സീസണുകളിലായി ഇവിടുത്തെ വിട്ടുപറമ്പുകളിലും, തെങ്ങിൻതോപ്പുകളിലും നിന്ന് ലഭിച്ചത് 30 ലക്ഷത്തിൽപ്പരം മൺപാത്രക്കഷണങ്ങളാണ്. അവയുടെ വൈവിധ്യം വിദഗ്ധരെയും ഗവേഷകരെയും കുറച്ചൊന്നുമല്ല അതിശയിപ്പിക്കുന്നതും ആഹ്ലാദിപ്പിക്കുന്നതും! 3.7 മീറ്റർ താഴ്ചയിൽ ഇരുമ്പുയുഗത്തടതിൽ ഒറ്റപ്പെട്ടതെങ്കിലും ഒരു ബ്ലാക്ക് ആൻഡ് റെഡ്‌വെയർ ചില്ലുമുതൽ, തുടർന്നങ്ങോട്ട് മുകളിലേക്കുള്ള അടരുകളിൽ നിന്നു കിട്ടിയ നാടൻ, മറുനാടൻ മൺപാത്രച്ചില്ലുകൾ എത്രയെത്ര! എവിടുന്നെല്ലാം? എന്തെല്ലാം? പശ്ചിമേഷ്യൻ മൺപാത്രങ്ങൾ (ടോർപിഡോ ജാറുകളുടെയും, ടർക്കോയിസ് ഗ്ലേസ്ഡ് പോട്ടറിയുടെയും കഷണങ്ങൾ), ഇന്ത്യൻ റൗലറ്റഡ്‌വെയർ (റൂലറ്റഡ്‌വെയർ, റെഡ് വെയർ ചില്ലുകൾ), ചരിത്രാരംഭകാലത്തെ മെഡിറ്ററേനിയൻ (ആംഫോറ, ടെറാസിഗില്ലറ്റ കഷണങ്ങൾ). പിന്നെ നൂറുനൂറുതരം സ്വദേശപാത്രക്കഷണങ്ങളും. കളിമൺപാത്രങ്ങളെ പുരാവസ്തുശാസ്ത്രത്തിന്റെ അക്ഷരമാല എന്ന് വിശേഷിപ്പിക്കാറുണ്ട്. ഓരോ കാലഘട്ടത്തെക്കുറിച്ചും പലതും നമ്മോടു പറയാൻ അവയ്ക്ക് കഴിയും – നിർമാണ സാങ്കേതികവിദ്യ, കലാചാതുരി, സാമൂഹികബന്ധങ്ങൾ, സാമൂഹികവ്യവസ്ഥ, കച്ചവടം തുടങ്ങി പലതും.

മെഡിറ്ററേനിയൻ കച്ചവടക്കാർ വീഞ്ഞ്, ഒലിവെണ്ണ, മീൻചാർ തുടങ്ങിയവ കൊണ്ടുവന്നിരുന്ന കളിമൺ ജാറുകളാണ് ആംഫോറകൾ. മൂവായിരത്തിൽപ്പരം ആംഫോറച്ചില്ലുകളാണ് ഇതുവരെ പട്ടണത്തിൽ നിന്നു ലഭിച്ചിരിക്കുന്നത് – മറ്റേതൊരു ഇന്ത്യൻ സമുദ്രതീര ഉത്ഖനനത്തിൽ നിന്നും ലഭിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ. ദക്ഷിണ ഇറ്റലിയിലെ കമ്പാനിയൻ പ്രദേശത്തു നിന്നുള്ളവയാണ് ഏറെയും. ഗ്രീസ്, സ്പെയിൻ, ഈജിപ്ത്, ജോർഡാൻ പ്രദേശങ്ങളിലെ ആംഫോറകളുടെയും കഷണങ്ങൾ ഇക്കൂട്ടത്തിലുണ്ട്.

മറുപക്ഷേ, പശ്ചിമേഷ്യൻ കളിമൺപാത്രക്കഷണങ്ങളാകാം ഗവേഷണത്തിന്റെ സുപ്രധാന കണ്ടെത്തലുകളിലൊന്ന്. മലബാർതീരത്തിന്റെ റോമൻ വാണിജ്യബന്ധം ഏറെ പഠിക്കപ്പെട്ടിരുന്നെങ്കിലും, പശ്ചിമേഷ്യൻബന്ധം എന്തുകൊണ്ടോ തമസ്കൃതമായിരുന്നു. പശ്ചിമേഷ്യയിൽ ജന്മമെടുത്ത മൂന്നു സെമിറ്റിക് മതങ്ങളും – ജൂത, ക്രൈസ്തവ, ഇസ്ലാം – അവയുടെ ശൈശവത്തിൽ തന്നെ കേരളക്കരയിൽ വേരോടിയിരുന്നു എന്ന ധാരണ ഐതിഹ്യ-വിശ്വാസങ്ങളിലൂടെ കാലാകാലങ്ങളായി നിലനിൽക്കുന്നുണ്ടെങ്കിലും, ആ ധാരണയെ പിന്തുണയ്ക്കുന്ന ഏതെങ്കിലുമൊന്നും ഭൗതിക തെളിവുകൾ നമ്മുടെ പക്കൽ ഉണ്ടായിരുന്നില്ല. 3–ാം നൂറ്റാണ്ട് ബി.സി.ഇ മുതൽ നമുക്ക് പശ്ചിമേഷ്യൻ ബന്ധമുണ്ടായിരുന്നു എന്നാണ് പാർഥിയൻ –സസ്സാനിയൻ പാത്രക്കഷണങ്ങൾ സൂചിപ്പിക്കുന്നതെന്നാണ് ആ മേഖലയിലെ വിദഗ്ധനായ പ്രൊഫ. ഡറക് കെന്നറ്റിന്റെ അഭിപ്രായം. (പാർഥിയൻ കാലഘട്ടത്തിന്റെ തുടക്കം റോമൻ സാമ്രാജ്യത്തിനും, ക്രിസ്തുമതത്തിനും, ഇസ്ലാം മതത്തിനും മുമ്പായിരുന്നു) ഈ നിഗമനം തെന്നിന്ത്യൻ ചരിത്രത്തെയും, ഇന്ത്യൻമഹാസമുദ്ര വാണിജ്യ- സാംസ്കാരിക വിനിമയചരിത്രത്തെ ആകെത്തന്നെയും പുനർവായിക്കാനിടയാക്കിയേക്കാം. പൊതുവിൽ കരുതിയിരുന്നതുപോലെ കച്ചവടപാതകളെല്ലാം റോമിൽ തുടങ്ങി റോമിൽ അവസാനിക്കുകയായിരുന്നില്ല എന്നുവേണം കരുതാൻ. മറ്റേതെല്ലാം ധാരണകളും, ചരിത്രനിഗമനങ്ങളും ഈ കണ്ടെത്തൽ മാറ്റിയെഴുതുമെന്ന് നമുക്ക് കാത്തിരുന്ന് കാണാം.

**മെഡിറ്ററേനിയൻ കച്ചവടക്കാർ വീഞ്ഞ്, ഒലിവെണ്ണ, മീൻചാർ തുടങ്ങിയവ കൊണ്ടുവന്നിരുന്ന കളിമൺ ജാറുകളാണ് ആംഫോറകൾ. മൂവായിരത്തിൽപ്പരം ആംഫോറച്ചില്ലുകളാണ് ഇതുവരെ പട്ടണത്തിൽനിന്നു ലഭിച്ചിരിക്കുന്നത്.**

എണ്ണംകൊണ്ട മുത്തുകളാണ് പുരാവസ്തുതെളിവുകളിൽ രണ്ടാമത്. നാനാരൂപങ്ങളിലും, വർണങ്ങളിലും ഉള്ള 30,592 സ്ഫടിക, കൽമുത്തുകളാണ് ഇവിടെ നിന്ന് ലഭിച്ചത്. കാർണീലിയൻ, ചാൽസിഡണി, അമെത്തിസ്റ്റ്, ഗാർനറ്റ്, ബെറിൽ, അഗേറ്റ്, ക്രിസ്റ്റൽ തുടങ്ങിയവയ്ക്കു പുറമെ, ഇവയുടെ നിർമാണാവശിഷ്ടങ്ങളും ലഭിക്കുന്നുണ്ട്.

ഇരുമ്പ്, ചെമ്പ്, ഈയം, സ്വർണം തുടങ്ങിയ ലോഹങ്ങൾകൊണ്ടുള്ള വിവിധ വസ്തുക്കളും, അവയുടെ




പെരിയാർ ഡെൽറ്റയുടെ ഉപഗ്രഹ ചിത്രം

p8 (2040x3005x24b jpeg)





ബ്രാഹ്മി അക്ഷരങ്ങൾ വരഞ്ഞ അവശിഷ്ടം

നിർമാണത്തിലെ സാങ്കേതികമികവും കലാനൈപുണ്യവും ശ്രദ്ധേയമാണ്.

ചെമ്പിലും ഈയത്തിലുമുള്ള ആദിചേര നാണയങ്ങളും മറ്റൊരു സുപ്രധാന തെളിവാണ്. കേരളത്തിൽ ഇതാദ്യമായാണ് ആദിചേര നാണയങ്ങൾ ഒരു ഉത്ഖനന സന്ദർഭത്തിൽ നിന്നു ലഭിക്കുന്നത്. ഒരു വശത്ത് ആനയും, മറുവശത്ത് അമ്പും വില്ലും മുദ്രണംചെയ്ത ഈ നാണയങ്ങൾ ഭരണകൂടസാന്നിധ്യത്തിന്റെയും നാണയകൈമാറ്റ രീതികളുടെയും സൂചകങ്ങളാണ്. കേരളക്കരയിൽ ഇന്നും ആന ഭരണകൂട ചിഹ്നമാണ് എന്നും ഓർക്കുക.

ലിപികളും, ലിഖിതങ്ങളും വിരളമായേ കാണപ്പെടുന്നുള്ളൂ എന്നത് നിരക്ഷരതയുടെ സൂചനയായി കരുതേണ്ടതില്ല. ഓല, തുകൽ തുടങ്ങി ജീർണിച്ചുപോകുന്ന വസ്തുക്കളിൽ എഴുതിയിരുന്നതു കൊണ്ടാകണം എഴുത്തടയാളങ്ങൾ ബാക്കി നിൽക്കാഞ്ഞത്. ചരിത്രാരംഭകാല അടരിൽ നിന്നുകിട്ടിയ ഇരുമ്പുനാരായം ഈ സാധ്യതയെ ബലപ്പെടുത്തുന്നു. 'ദ', 'ത', 'സി', 'ക' എന്ന നാല് തമിഴ് ബ്രാഹ്മി അക്ഷരങ്ങൾ വരഞ്ഞ ഒരു മൺപാത്രത്തിന്റെ പൊട്ടിയ വക്ക് ഇക്കഴിഞ്ഞ സീസണിൽ കിട്ടിയിട്ടുണ്ട്. ചൂളയിൽ വെക്കുന്നതിനു മുമ്പാണ് ഇവ വരഞ്ഞിരിക്കുന്നത് – ആരുടെയെങ്കിലും ആവശ്യപ്രകാരം ഉണ്ടാക്കുമ്പോഴാകണം എഴുത്തുകളും, ഗ്രാഫിറ്റികളും പ്രീ-ഫയറിങ് ഘട്ടത്തിൽ വരയാറുള്ളത്. മേൽപ്പറഞ്ഞ നാല് അക്ഷരങ്ങൾകൊണ്ട് എന്താണർഥമാക്കിയതെന്ന് മനസ്സിലാക്കാൻ ധാരാളം പൂരിപ്പിക്കലുകൾ നടക്കേണ്ടിയിരിക്കുന്നു.

പട്ടണത്തിന്റെ സമുദ്രയാനബന്ധങ്ങളുടെ പ്രബലമായ തെളിവായിരുന്നു ചെങ്കല്ലും ചുണ്ണാമ്പും ചെളിയും ചേർന്ന മിശ്രിതം കൊണ്ടു നിർമിച്ച കടവും അതിന്റെ ഉറപ്പിനെന്നോണം പണിതിരുന്ന 19 നിര ഉയരത്തിലുള്ള ഇഷ്ടികക്കെട്ടും. ഈ കടവിലെ വെള്ളക്കെട്ടിലാണ് ആഞ്ഞിലിയുടെ ഒറ്റത്തടികൊണ്ടുള്ള ആറ് മീറ്റർ നീളമുള്ള വഞ്ചിയും വഞ്ചികൾ കെട്ടാനുള്ള എഴു തേക്കിൻകുറ്റികളും ലഭിച്ചത്. ഇന്ന് കരഭൂമിയായ പട്ടണം പ്രദേശത്ത് നിന്ന് ഇത്തരമൊരു കണ്ടെത്തൽ അപ്രതീക്ഷിതമായിരുന്നു. എങ്ങനെയാണ് മൂന്നു മീറ്റർ താഴ്ചയിൽ കിടന്ന വഞ്ചിയിലേക്ക് കൃത്യമായി നിങ്ങൾ കുഴിച്ചെത്തിയതെന്ന് പലരും ചോദിക്കാറുണ്ട്. എന്തായാലും ആ കണ്ടെത്തൽ ആദ്യ സീസണിൽത്തന്നെ, പട്ടണത്തെ മുസിരിസുമായി ബന്ധപ്പെടുത്തുന്നതിന് സഹായകമായ നിർണായക തെളിവായി.

ഭുവനേശ്വറിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്സിൽ എ.എം.എസ്. കാർബൺ ഡേറ്റിങ്ങിലൂടെ വഞ്ചിയും കുറ്റികളും ബി.സി.ഇ ഒന്നാം സഹസ്രാബ്ദത്തിന്റെ ഉത്തരാർധത്തിലേതാണെന്ന് കണ്ടെത്തി. പിന്നീട് അവയുടെ സാമ്പിളുകൾ അമേരിക്കയിലെ ജോർജിയ യൂണിവേഴ്സിറ്റിയിൽ പരിശോധിച്ചപ്പോൾ അവയുടെ പഴക്കം ബി.സി.ഇ 56-നും സി.ഇ. 72-നും ഇടയിലാണെന്ന് വളരെ കൃത്യമായി തീർപ്പായി.

കടവിനോട് ചേർന്നും വേറിട്ടും വെന്തഇഷ്ടികകൊണ്ടുള്ള കെട്ടിടാവശിഷ്ടങ്ങളും കണ്ടെത്തുകയുണ്ടായി. സംഭരണശാലയോ വീടുകളോ ആയിരുന്നിരിക്കണം. ഇഷ്ടികയുടെ നിർമാണശൈലികൾ, കെട്ടിടങ്ങളുടെ മേൽ ഓട്, ധാരാളമായിലഭിച്ച മേച്ചിലോടുകഷണങ്ങൾ, ടോയ്‌ലറ്റ് എന്നു കരുതേണ്ട വലിയ മൺജാർ സംവിധാനങ്ങൾ, മണിക്കിണറുകൾ, കെട്ടിടങ്ങൾക്കുപയോഗിച്ചിരിക്കാനിടയുള്ള ഇരുമ്പാണികൾ എന്നിവ ഇവിടെ ക്രമീകൃതമായ നാഗരികജീവിതം രൂപപ്പെട്ടിരുന്നു എന്നതിന്റെ തെളിവുകളായി കണക്കാക്കാം.

ബ്രാഹ്മണാധിപത്യത്തിനു മുമ്പുള്ള കേരളീയ സാമൂഹികാവസ്ഥയുടെ ചരിത്രം അപകർഷതയോടു കൂടി നോക്കികാണേണ്ടതില്ലായെന്നാണ് പട്ടണത്തുനിന്നുള്ള തെളിവുകൾ സൂചിപ്പിക്കുന്നത്. പട്ടണത്ത് നിലനിന്നിരുന്നതെന്ന് കരുതേണ്ട നാഗരിക സംസ്കൃതിയുടെ സൃഷ്ടിയിൽ തദ്ദേശിയരുടെ പങ്ക് നിർണായകമായിരുന്നുവെന്നത്, മറിച്ചുള്ള സാമ്പ്രദായികവീക്ഷണങ്ങൾ മനോവിശാലതയോടെ പുനരാവിഷ്കരിക്കാനുള്ള അവസരംകൂടിയാണ് നൽകുന്നത്.

പട്ടണത്തിന്റെ പുരാവസ്തുസൗഭാഗ്യങ്ങളിൽ പ്രധാനപ്പെട്ട മറ്റൊന്ന് അവിടെനിന്ന് ലഭിക്കുന്ന സസ്യാവശിഷ്ടങ്ങളാണ്. മുൻപറഞ്ഞ കടവിനും വഞ്ചിക്കുമൊപ്പം, മൂന്ന് മീറ്റർ താഴ്ചയിൽ നിന്ന് – എന്താണ് ഇപ്പോഴത്തെ ജലനിരപ്പിനൊപ്പം – കുരുമുളക്, ഏലക്ക, നെല്ല്, കുന്തിരിക്കം, നെല്ലിക്ക, തെങ്ങിൻ ചിരട്ട, കറുവാപ്പട്ടയുടെതെന്നുകരുതുന്ന നാരുകൊണ്ടുള്ള വടം തുടങ്ങിയവയും ലഭിച്ചു. നമ്മുടെ കാലാവസ്ഥയും അമ്ലാംശമുള്ള മണ്ണും ജൈവവസ്തുക്കളെ വേഗത്തിൽ ജീർണിപ്പിക്കും. വിസ്മയിപ്പിക്കും വിധം ഈ പ്രതികൂലഘടകങ്ങളെ അതിജീവിച്ച് അന്നത്തെ സസ്യവൈവിധ്യം ചളിയിൽ

**ആർക്കിയോ-സയൻസസ് ഇന്ത്യയിൽ ബാല്യദശയിലാണുള്ളത്. ഈ പരിമിതി മറികടക്കാനുള്ള പോംവഴി അന്തർദേശീയ സഹകരണമാണ്. പട്ടണം ഗവേഷണത്തിന്റെ നേട്ടങ്ങളിൽ ഒന്ന് അതിന് അന്തർദേശീയമായി അക്കാദമിക് ഇംപാക്ട് ഉണ്ടാക്കുവാൻ കഴിഞ്ഞുവെന്നതാണ്.**

പൂണ്ടുകിടന്നിരുന്നു. ഇവയ്ക്ക് മുകളിൽ ഒരടിയോളം കനത്തിലുണ്ടായിരുന്ന കട്ടിച്ചെളിയാകാം സസ്യാവശിഷ്ടങ്ങളും മറ്റും ദ്രവിച്ചുപോകാത്ത സാഹചര്യം ഒരുക്കിയത്. ഈ സീസണിൽ നാലുമീറ്റർ താഴ്ചയിൽക്കണ്ട ജൈവാവശിഷ്ടങ്ങൾ ഘനീഭവിച്ചുണ്ടാകുന്ന പീറ്റ് അടരുകളും, ദീർഘവൃത്താകൃതിയിൽ ഉറപ്പിച്ചിരുന്ന 18 മരക്കുറ്റികളും കൂടുതൽ പഠനത്തിന് വിധേയമാക്കേണ്ടതുണ്ട്. ഇക്കഴിഞ്ഞ സീസണിൽ ഓക്സ്ഫഡ് യൂണിവേഴ്സിറ്റിയിലെ ഗവേഷകരാണ് അരിച്ച് സസ്യാവശിഷ്ടങ്ങൾ ശേഖരിച്ചത്. ജൈവവസ്തുക്കളിൽ മനുഷ്യരുടെ തന്നെ ദ്രവിച്ച അസ്ഥികഷണങ്ങളും, അധികം കേടില്ലാത്ത നിലയിൽ പല്ലും ലഭിച്ചിട്ടുണ്ട്.

പുരാവസ്തു ഗവേഷണത്തിൽനിന്നു ലഭിക്കുന്ന ഓരോ തെളിവും നിരവധി അന്വേഷണങ്ങൾക്കും കണ്ടെത്തലുകൾക്കുമുള്ള ഉപാധിയാണ്. ഓരോ വാതിലും വേറിട്ട അന്വേഷണസാധ്യതകളുടെ നിരവധി വാ

